**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2814** **12-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയുടെ മാംസം ലേലം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വെടി വച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ലേലം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കാട്ടുപന്നി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ III ൽപ്പെട്ട വന്യമൃഗമാണ്. മനുഷ്യജീവനും, കൃഷിക്കും, സ്വത്തിനും നാശമുണ്ടാക്കുന്ന പന്നികളുടെ ശല്യം കുറയ്ക്കുന്നതിന് വേണ്ടിയാണ് 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 11 (ബി) പ്രകാരം ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരമനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പന്നികളെ കൊല്ലുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നികളുടെ മാംസം ലേലം ചെയ്യുന്നത് വന്യജീവി (സംരക്ഷണ) നിയമത്തിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധവും ആയത് വന്യജീവി സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടാത്തതുമാണ്. |

സെക്ഷൻ ഓഫീസർ